| സഊദി അറേബ്യയിലേക്ക് പുറപ്പെടുന്ന ഇന്ത്യൻ തൊഴിലാളികൾക്ക് ഇന്ത്യയും സഊദി അറേബ്യയും തമ്മിലുള്ള ഗാർഹിക തൊഴിൽ സഹകരണ കരാർ 3 (4) ആർട്ടിക്ക്ൾ അനുസരിച്ചുള്ള പ്രത്യേക തൊഴിൽ കരാർ |
|---|
| താഴെ പറയുന്നവർ തമ്മിലാണ് ഈ കരാർ നിലവിൽ വന്നിരിക്കുന്നത്.<br>**എ. തൊഴിലുടമ :** |
| പേര്: |
| ദേശീയ തിരിച്ചറിയൽ നമ്പർ: |
| സഊദിയിലെ വിസ നമ്പർ: |
| അഡ്രസ്:<br>സ്ട്രീറ്റ്:<br>ജില്ല : |
| സിവിൽ സ്റ്റാറ്റസ് : |
| കോൺട്രാക്ട് നമ്പർ : |
| മൊബൈൽ : |
| ടെലിഫോൺ : |
| ഇ മെയിൽ : |

സഊദി അറേബ്യയിൽ സഊദി റിക്രൂട്ട്മെന്റ് ഏജൻസിയാണ് തൊഴിലുടമയെ പ്രതിനിധീകരിക്കുന്നത്.

| |
|---|
| പേര് : |
| ലൈസൻസ് നമ്പർ : |
| ടെലിഫോൺ : |

| |
|---|
| അഡ്രസ് : |
| സ്ട്രീറ്റ് :<br>ജില്ല : |
| കോൺട്രാക്ട് നമ്പർ : |
| ഇ മെയിൽ : |

| **ബി. ഗാർഹിക ജോലിക്കാരൻ** |
|---|
| പേര് : |
| തസ്തിക : |

| |
|---|
| അഡ്രസ് (ഇന്ത്യ) : |
| സിവിൽ സ്റ്റാറ്റസ് : |
| കോൺടാക്ട് നമ്പർ : |
| പാസ്പോർട്ട് നമ്പർ : |
| ഇഷ്യു ചെയ്ത സ്ഥലം : |
| തിയ്യതി : |
| അടുത്ത ബന്ധു : |
| ബന്ധം : |
| കോൺടാക്ട് നമ്പർ : |
| അഡ്രസ് : |
| ഇന്ത്യയിലെ ബാങ്ക് എകൗണ്ട് നമ്പർ : |
| ബാങ്കിന്റെ പേര് : |
| എകൗണ്ട് നമ്പർ : |
| അഡ്രസ് : |

ഈ കക്ഷി ഗാർഹിക തൊഴിലാളി എന്ന പേരിൽ അറിയപ്പെടും. ഇന്ത്യൻ റിക്രൂട്ട്മെന്റ് ഏജൻസിയാണ് ഇന്ത്യയിൽ ഇവരെ പ്രതിനിധീകരിക്കുന്നത്.

| |
|---|
| പേര്: |
| ലൈസൻസ് നമ്പർ: |
| **അഡ്രസ്:** |
| സ്ട്രീറ്റ് : |
| ജില്ല : |
| കോൺടാക്ട് നമ്പർ : |
| ഇ മെയിൽ |

തൊഴിലുടമയും തൊഴിലാളിയും സ്വഇഷ്ടപ്രകാരം താഴെയുള്ള നിബന്ധനകളും വ്യവസ്ഥകളും അംഗീകരിച്ചിരിക്കുന്നു.

**(1) തൊഴിൽ സ്ഥലം:**.........................................................................................................

തൊഴിലാളിയുടെ ജോലി സ്ഥലത്തിൽ മാറ്റം വരുത്തുന്നുണ്ടെങ്കിൽ അക്കാര്യം സഊദി

| |
|---|
| റിക്രൂട്ട്മെന്റ് ഏജൻസി ഇന്ത്യൻ എംബസിയെ അറിയിക്കണം. |
| **(2) കരാർ കാലാവധി**<br>തൊഴിലാളി സഊദിയിൽ എത്തിയ തിയതി മുതൽ രണ്ടു വർഷമായിരിക്കും കരാർ കാലാവധി. ശമ്പളവും ഇതിനനുസരിച്ച് കണക്കാക്കും. |
| **(3)** ഇരു രാജ്യങ്ങളും വ്യവസ്ഥപ്പെടുത്തിയ നിബന്ധനകൾ പ്രകാരം ഗാർഹിക തൊഴിലാളിയും തൊഴിലുടമയും നിശ്ചിത മാസ വേതനമായി ..................................... റിയാൽ അംഗീകരിക്കണം. |
| (4) സഊദി മോണിറ്ററി ഏജൻസിയുടെ നിയമങ്ങൾക്ക് വിധേയമായി ഗാർഹിക തൊഴിലാളിക്ക് സഊദിയിൽ ബാങ്ക് അക്കൗണ്ട് തുറക്കാൻ തൊഴിലുടമ സഹായിക്കണം. കരാറിലുള്ള ശമ്പളം എല്ലാ മാസാവസാനവും ഈ അക്കൗണ്ടിൽ നിക്ഷേപിക്കണം. ബാങ്ക് പാസ് ബുക്ക് അല്ലെങ്കിൽ പണം അടച്ച രശീതി തൊഴിലാളിക്ക് കൈമാറുകയും തൊഴിലാളി സൂക്ഷിക്കുകയും വേണം. അനുയോജ്യമായ ബാങ്ക് വഴി പണം അയക്കാനും അവരെ തൊഴിലുടമ സഹായിക്കണം. |
| **(5)** പ്രതിദിനം എട്ടുമണിക്കൂറിൽ കുറയാത്ത തുടർച്ചയായ വിശ്രമം തൊഴിലാളിക്ക് അനുവദിക്കണം. പ്രാദേശിക തൊഴിൽ വ്യവസ്ഥകൾക്കനുസരിച്ചാണ് ഗാർഹിക തൊഴിലാളികളുടെ തൊഴിൽ സമയം നിശ്ചയിക്കുക. |
| **(6)** ഗാർഹിക തൊഴിലാളി ആഴ്ചയിൽ ഒരു ദിവസം വശ്രമത്തിന് അർഹനാണ്. |
| **(7)** ഇന്ത്യയിൽ നിന്ന് സഊദിയിലേക്കും കരാർ കാലാവധി അവസാനിക്കുമ്പോൾ തിരിച്ചുമുള്ള തൊഴിലാളിയുടെ യാത്ര ചെലവ് തൊഴിലുടമ വഹിക്കണം. സമയത്തിന് തൊഴിലാളിയുടെ തിരിച്ചുപോക്ക് തൊഴിലുടമ ഉറപ്പുവരുത്തണം. |
| **(8)** തൊഴിലാളിക്ക് ശരിയായ വിധത്തിലുള്ള താമസ, ഭക്ഷണ സൗകര്യങ്ങൾ തൊഴിലുടമ ഒരുക്കണം. പ്രത്യേക സാഹചര്യങ്ങളിൽ തൊഴിലാളി ആവശ്യപ്പെടുകയാണെങ്കിൽ ഭക്ഷണത്തിന് തുക അനുവദിക്കണം. തുക സംബന്ധിച്ച് ഇരുവരും ധാരണയിലെത്തേണ്ടതുണ്ട്. |
| **(9)** തൊഴിലാളിക്ക് ആരോഗ്യപ്രശ്നങ്ങളുണ്ടാകുമ്പോൾ ചികിത്സാ ചെലവ് തൊഴിലുടമ വഹിക്കണം. അവർക്ക് വിശ്രമം നൽകുന്നതോടൊപ്പം പതിവുശമ്പളവും നൽകണം. |
| **(10)** താഴെ പറയുന്ന രണ്ടു കാര്യങ്ങൾക്ക് തൊഴിലാളി അർഹനാണ്:<br>**(ഒന്ന്):** തൊഴിലാളിക്ക് വർഷത്തിൽ 15 ദിവസത്തെ ശമ്പളത്തോടെയുള്ള അവധിക്ക് അർഹതയുണ്ടാകും. |

**(രണ്ട്):** രണ്ടു വർഷം പൂർത്തിയാകുന്ന മുറക്ക് ഒരു മാസത്തെ ശമ്പളത്തോടെയുള്ള അവധിക്കും ഇന്ത്യയിലേക്ക് ഇകണോമി ക്ലാസ് വിമാന ടിക്കറ്റിനും അർഹതയുണ്ടാകും. നിബന്ധന ഒന്ന് പ്രകാരം തൊഴിലാളി അവധിയെടുത്താൽ 30 ദിവസമെന്നത് 15 ദിവസമായി കുറക്കപ്പെടും.

**(11)** തൊഴിൽ കാലയളവിൽ മരണപ്പെടുകയാണെങ്കിൽ മൃതദേഹവും തൊഴിലാളിയുടെ വസ്തുക്കളും എത്രയും വേഗം നിയമപരമായി ഇന്ത്യയിലുള്ള അടുത്ത ബന്ധുവിന് എത്തിക്കേണ്ട ഉത്തരവാദിത്തം തൊഴിലുടമയുടേതാണ്. മൃതദേഹം നാട്ടിൽ കൊണ്ടു പോകാൻ സാധ്യമാകാത്ത അവസ്ഥയിൽ ഇന്ത്യൻ എംബസിയിൽ നിന്ന് അനുമതി വാങ്ങി അനുയോജ്യമായ തരത്തിൽ മൃതദേഹം സംസ്കരിക്കാനുള്ള സൗകര്യങ്ങൾ ഒരുക്കണം. ഇത്തരം സാഹചര്യങ്ങളിൽ തൊഴിലാളി മരണപ്പെട്ട് 15 ദിവസത്തിനകം അടുത്ത ബന്ധുവിനോ എംബസിക്കോ താഴെ പറയുന്നവ നൽകണം.

**ഒന്ന്:** നിയമപരമായ കുടിശ്ശികകൾ. **രണ്ട്:** സേവനാന്തര ആനുകൂല്യങ്ങൾ. **മൂന്ന്:** വ്യവസ്ഥകൾ പ്രകാരമുള്ള നഷ്ടപരിഹാരം.

**(12)** ഒന്ന്: ഈ കരാറിന് പുറത്ത് എന്തെങ്കിലും തർക്കങ്ങൾ ഇരു കക്ഷികളും തമ്മിൽ ഉണ്ടാകുന്ന പക്ഷം തൊഴിൽ മന്ത്രാലയം വഴി രമ്യമായി പരിഹരിക്കണം. അങ്ങനെ കഴിയാത്തപക്ഷം വിഷയം അനുയോജ്യമായ സഊദി അധികൃതരുടെ മുമ്പിൽ ഉന്നയിച്ച് പരിഹാരം കാണണം.

രണ്ട്: തർക്കത്തിൽ പരിഹാരം ഉണ്ടാകുന്നത് വരെ ഇരുകക്ഷികളും കരാർ പ്രകാരമുള്ള ഉത്തരവാദിത്ത നിർവഹണം തുടരണം.

**(13)** ജോലി സ്ഥലത്തു നിയമ വിരുദ്ധമായി തൊഴിലാളി അപ്രത്യക്ഷമാകുന്ന സാഹചര്യത്തിൽ ഉത്തരവാദപ്പെട്ട സഊദി അധികൃതരേയും റിക്രൂട്ടിങ് ഏജൻസിയേയും തൊഴിലുടമ അറിയിക്കണം. ഈ വിവരം ഇന്ത്യൻ എംബസിയെ അറിയിക്കുന്ന ഉത്തരവാദിത്തം റിക്രൂട്ട്മെന്റ് ഏജൻസിക്കായിരിക്കും. എന്നാൽ സ്വന്തം തീരുമാനപ്രകാരം ജോലി സ്ഥലത്തു നിന്ന് അപ്രത്യക്ഷമാകുന്ന വിവരം തൊഴിലാളി സഊദി അധികൃതരേയും ഇന്ത്യൻ എംബസിയെയും അറിയിക്കുന്നപക്ഷം ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതിന് കരാറിലെ 12 ാം നിബന്ധന പ്രകാരം ഉത്തരവാദപ്പെട്ട അധികൃതരെ ഏൽപിക്കുന്നതായിരിക്കും.

**(14) കരാർ റദ്ദാക്കൽ:**

**ഒന്ന്:** തൊഴിലാളിക്ക് രേഖാമൂലം അറിയിപ്പ് നൽകിയ ശേഷം തൊഴിലുടമക്ക് കരാർ റദ്ദാക്കാം. അറിയിപ്പ് നൽകി 30 ദിവസത്തിന് ശേഷമാണ് കരാർ റദ്ദാക്കൽ പ്രാബല്യത്തി

ലാവുക. 30 ദിവസത്തെ വേതനം തൊഴിലാളിക്ക് നൽകിയിരിക്കണം. ഉടനടി പ്രാബല്യത്തിൽ വരുന്ന തരത്തിലാണ് കരാർ റദ്ദാക്കൽ അറിയിപ്പെങ്കിൽ അക്കാര്യം വ്യക്തമാക്കുകയും രണ്ടു മാസത്തെ ശമ്പളം നൽകുകയും വേണം. ഇത്തരം സാഹചര്യങ്ങളിൽ എക്സിറ്റ് രേഖകൾ പെട്ടന്ന് ലഭ്യമാകുന്നതിനും ഇന്ത്യയിലേക്കുള്ള വിമാന ടിക്കറ്റിനുമുള്ള ചെലവ് തൊഴിലുടമ വഹിക്കണം.

**രണ്ട്:** തൊഴിലുടമക്ക് 30 ദിവസത്തെ അവധിയിൽ രേഖാമൂലമുള്ള അറിയിപ്പ് നൽകി തൊഴിലാളിക്ക് കരാർ റദ്ദാക്കാം. തിരിച്ചു പോകുന്നതിന് മുമ്പായി ഒരു മാസത്തെ ശമ്പളത്തിന് തുല്യമായ തുക തൊഴിലുടമക്ക് തൊഴിലാളി നൽകണം. അടിയന്തര സ്വഭാവത്തിലാണ് കരാർ റദ്ദാക്കലെങ്കിൽ രണ്ടു മാസത്തെ ശമ്പളത്തിന് തുല്യമായ തുക തൊഴിലുടമക്ക് നൽകണം. തുക ലഭിച്ചയുടൻ തന്നെ തൊഴിലാളിക്ക് എക്സിറ്റിന് ആവശ്യമായ രേഖകൾ തൊഴിലുടമ ശരിയാക്കി കൊടുക്കണം.

**(15) പൊതു നിബന്ധനകൾ:**

**എ:** സഊദി അറേബ്യയിലേക്കുള്ള തൊഴിലാളിയുടെ വരവും തിരിച്ചു പോക്കും സംബന്ധിച്ച വിവരങ്ങൾ തൊഴിലുടമയെ അറിയിക്കേണ്ട ഉത്തരവാദിത്തം സഊദി റിക്രൂട്ട്മെന്റ് ഏജൻസിയുടേതാണ്.

**ബി:** തൊഴിലുടമയും കുടുംബാംഗങ്ങളും തൊഴിലാളിയും പരസ്പരം ബഹുമാനത്തോടും മാന്യതയോടും പെരുമാറണം.

**സി:** തൊഴിലുടമക്കും അദ്ദേഹത്തിൻെറ വീട്ടുകാർക്കും വേണ്ടി മാത്രമാണ് തൊഴിലാളി ജോലി ചെയ്യേണ്ടത്.

**ഡി:** തൊഴിലാളിയുടെ ശമ്പളത്തിൽ നിന്ന് ഒന്നും തന്നെ തൊഴിലുടമ കുറക്കാൻ പാടില്ല. മുൻകൂർ നൽകിയ പണത്തിന്റേയോ ഉത്തരവാദപ്പെട്ട അധികൃതരുടെ നിർദേശ പ്രകാരമോ ആണ് ശമ്പളത്തിൽ നിന്ന് കുറക്കുന്നതെങ്കിൽ അക്കാര്യം ശമ്പള രശീതിയിൽ കാണിക്കണം.

**ഇ:** തൊഴിലാളിയുടെ ഇഖാമ, എക്സിറ്റ് റീ എൻട്രി വിസ, ഫൈനൽ എക്സിറ്റ്, രേഖകൾ പുതുക്കൽ, അത് വൈകുന്നത് കാരണമുണ്ടാകുന്ന പിഴ എന്നിവയുടെ ചെലവ് തൊഴിലുടമ വഹിക്കണം.

**എഫ്:** തൊഴിലാളിയുടെ പാസ്പോർട്ടും ഇഖാമയും തൊഴിലാളിയുടെ കൈവശമായിരിക്കണം.

**ജി:** സ്വന്തം കുടുംബം, ഇന്ത്യൻ എംബസി, കോൺസുലേറ്റ് എന്നിവയുമായി സ്വന്തം

ചെലവിൽ സ്വതന്ത്രമായി ആശയ വിനിമയം നടത്തുന്നതിന് അനുവദിക്കണം.

**എച്ച്:** കരാറിൽ പറഞ്ഞ നിബന്ധനകൾ വീട്ടിലുള്ളവർക്ക് തൊഴിലുടമ വിശദീകരിച്ചു കൊടുക്കുകയും അത് നടപ്പാകുന്നുണ്ട് എന്ന് നിരീക്ഷിക്കുകയും വേണം.

**(16)** ഈ കരാറിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതും കൂടിച്ചേർക്കുന്നതുമെല്ലാം ഇന്ത്യ – സഊദി സംയുക്ത സമിതി മുഖേനയായിരിക്കും.

**(17)** യുദ്ധം, ആഭ്യന്തര കലാപം, പ്രകൃതി ക്ഷോഭം, തൊഴിലെടുക്കാൻ കഴിയില്ലെന്ന് വൈദ്യശാസ്ത്ര പ്രകാരം പറയപ്പെടുന്ന രോഗം, പരിക്ക് എന്നിവ സംഭവിക്കുന്ന പക്ഷം തൊഴിലുടമ സ്വന്തം ചെലവിൽ അവരെ നാട്ടിലെത്തിക്കണം. സഊദിയിൽ നിന്ന് യാത്ര തിരിക്കുന്നതുവരെയുള്ള വേതനം തൊഴിലുടമ നൽകുകയും വേണം.

**(18)** കരാർ കാലാവധി പൂർത്തിയാകുമ്പോൾ ഇന്ത്യയിലേക്ക് തിരിച്ചുപോകണമെന്ന് തൊഴിലാളി ആഗ്രഹിക്കുന്നപക്ഷം ശമ്പളം നൽകിയതിൻെറ ബാങ്ക് സ്റ്റേറ്റ്മെന്റോ രശീതിയോ സഊദി റിക്രൂട്ട്മെന്റ് ഏജൻസി മുമ്പാകെ തൊഴിലുടമ സമർപ്പിക്കണം. ഇതു സംബന്ധിച്ച അവസാന രേഖയിൽ തൊഴിലാളിയും തൊഴിലുടമയും ഒപ്പുവെക്കണം. ഈ ബാങ്ക് സ്റ്റേറ്റ്മെന്റും രേഖയും ഇന്ത്യയിലും സഊദിയിലും തെളിവായി സമർപ്പിക്കാവുന്നതാണ്.

**(19)** തൊഴിലാളിയുടേയും തൊഴിലുടമയുടേയും ഉഭയസമ്മത പ്രകാരം ഈ തൊഴിൽ കരാർ രണ്ടു വർഷത്തേക്ക് കൂടി പുതുക്കാവുന്നതാണ്. പുതുക്കുന്ന സന്ദർഭത്തിൽ ഒരു മാസത്തെ വേതനം അധികമായി തൊഴിലാളിക്ക് നൽകേണ്ടതാണ്. പുതുക്കിയ കരാറിന്റെ പകർപ്പ് തൊഴിലുടമയോ സഊദി റിക്രൂട്ട്മെന്റ് ഏജൻസിയോ ഇന്ത്യൻ എംബസിയിൽ സമർപ്പിക്കേണ്ടതാണ്.

**(20)** ഈ തൊഴിൽ കരാറിന് മാത്രമായിരിക്കും നിയമസാധുത ഉണ്ടാവുക. ഇതിനുപകരമായി തൊഴിലുടമയും തൊഴിലാളിയും തമ്മിലുണ്ടാക്കുന്ന മറ്റൊരു കരാറിനും നിയമസാധുതയുണ്ടാവില്ല.

**(21)** ഗാർഹിക തൊഴിലാളികളുമായി ബന്ധപ്പെട്ട് സഊദി അറേബ്യയുടെ നിബന്ധനകൾ ഉണ്ടാവുകയാണെങ്കിലും ഈ കരാറിലുള്ള നിബന്ധനകൾ നിലനിൽക്കുന്നതായിരിക്കും.

**(22)** കരാർ അറബി, ഇംഗ്ലീഷ് ഭാഷകളിൽ രേഖപ്പെടുത്താവുന്നതാണ്. രണ്ടു ഭാഷയിലും കരാറിന് ഒരേ നിയമസാധുതയാണുണ്ടാവുക.

**ഒപ്പ്**

| തൊഴിലാളി | ഇന്ത്യൻ റിക്രൂട്ട് മെന്റ് ഏജൻസി | സഊദി റിക്രൂട്ട്മെന്റ് ഏജൻസി | തൊഴിലുടമ |
| --- | --- | --- | --- |
| | | | |